നുള്ള അധിക ചുമതല താൽക്കാലികമായി നൽകുന്നതിനും, ഈ പദ്ധതിയുടെ മേൽനോട്ടത്തിനു മാത്രമായി പ്രസ്തുത ഉദ്യോഗസ്ഥരുടെ നിയന്ത്രണം പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ (പി.ഐ.യു) എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 14-1-2010-ലെ സ.ഉ.(എം.എസ്) നമ്പർ 143/2010/ത. സ്വ.ഭ.വ, പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

പേരാമ്പ്ര മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പ്രകാരം അനുമതി ലഭിച്ച റോഡുകൾ

120 (4743) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ പി. എം. ജി. എസ്. വൈ. പ്രകാരം അനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുമതി ലഭിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണിയുടെ ടെണ്ടർ

121 (4744) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മരാമത്ത് പണികളുടെ ടെണ്ടർസംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശം അറിയിക്കുമോ ;

(ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ടെണ്ടർ സംബന്ധിച്ച നടപടിക്രമങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരാണ് ;

(സി) ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ ടെണ്ടർ സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണികളുടെ ടെണ്ടർ നടപടി ക്രമങ്ങൾ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 23-9-1997-ലെ സ.ഉ(അ)216/97തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അധികാരപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥന് ആയിരിക്കും ചുമതല. മരാമത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly